# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ
## ബാംഗ്ലൂർ ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്ത
## ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

C. No. 11/2025

*കർത്താവിൽ നമ്മുടെ ബാംഗ്ലൂർ മേഖലയിലെ എല്ലാ ഇടവകകളുടെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ ബാംഗ്ലൂർ മേഖലയിലെ 'മെൽത്തോ' കൺവെൻഷൻ 2026 ഫെബ്രുവരി മാസം 6, 7, 8 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. മെൽത്തോ കൺവെൻഷന്റെ ഒരു ആലോചനായോഗം 2025 ഒക്ടോബർ മാസം നാലാം തീയതി ബാംഗ്ലൂർ ഭദ്രാസന അരമനയിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഇടവക വികാരിമാർ, ട്രസ്റ്റിമാർ, സെക്രട്ടറിമാർ, ഭദ്രാസന പൊതുയോഗ പ്രതിനിധികൾ, മലങ്കരസഭ അസ്സോസിയേഷൻ പ്രതിനിധികൾ, ഭദ്രാസന ആധ്യാത്മിക സംഘടനാഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്ത മീറ്റിംഗിൽ വിവിധ കമ്മിറ്റികളിലേക്ക് വൈസ് പ്രസിഡന്റുമാരെയും കൺവീനർമാരെയും തെരഞ്ഞെടുക്കുകയുണ്ടായി. കമ്മിറ്റികളുടെ വിപുലീകരണത്തിനായി എല്ലാ ഇടവകകളിൽ നിന്നും ഓരോ കമ്മിറ്റിയിലേക്ക് രണ്ട് അംഗങ്ങളെ വീതം തെരഞ്ഞെടുത്ത് വികാരിമാർ രേഖാമൂലം കൺവെൻഷൻ ജനറൽ കൺവീനർ ബഹുമാനപ്പെട്ട ലിജോ ജോസഫ് അച്ചനെ അറിയിക്കേണ്ടതാണ്.

മെൽത്തോ കൺവെൻഷൻ പൊതുയോഗ തീരുമാനപ്രകാരം ഓരോ ഇടവകയിൽ നിന്നും കൺവെൻഷന്റെ നടത്തിപ്പിലേക്ക് അതാത് ഇടവകയുടെ ഭദ്രാസന സാലറി ക്വോട്ടായുടെ 70% തുക നൽകേണ്ടതാണ്. കൺവെൻഷന്റെ സാമ്പത്തിക ക്രമീകരണങ്ങൾക്കായി കൺവെൻഷൻ നഗറിൽ പരസ്യ സ്റ്റാളുകൾ ഇടുവാൻ താല്പര്യമുള്ളവർക്ക് അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കൺവെൻഷനോടനുബന്ധിച്ച് മെൽത്തോ കലണ്ടർ ഈ വർഷവും ഡിസംബർ മാസത്തിൽ ഇറക്കുവാൻ ആഗ്രഹിക്കുന്നു. കലണ്ടറിന്റെ പേജുകൾ വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ സ്പോൺസർ ചെയ്യാവുന്നതുമാണ്.

മുൻ പതിവുപോലെ അന്തർദേശീയ /ദേശീയ/സംസ്ഥാന തലങ്ങളിൽ അംഗീകാരം ലഭിച്ച ബാംഗ്ലൂർ ഭദ്രാസന ഇടവകകളിൽ അംഗങ്ങളായവരുടെ പേരുകൾ ഇടവക വികാരിമാർ രേഖാമൂലം 2025 ഡിസംബർ 31-ാം തീയതിക്ക് മുമ്പ് കൺവെൻഷൻ ജനറൽ കൺവീനറെ അറിയിക്കേണ്ടതാണ്. കൂടാതെ സൺഡേസ്കൂൾ ഒ.കെ.ആർ തലത്തിൽ ഉന്നതസ്ഥാനങ്ങൾ നേടിയ വിദ്യാർത്ഥികൾക്കും ഭദ്രാസനതലത്തിൽ സൺഡേസ്കൂൾ പന്ത്രണ്ടാം ക്ലാസ്സിൽ ഉന്നതനിലയിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും സമ്മേളനനഗരിയിൽ വച്ച് അനുമോദനം നൽകുന്നതാണ്.

എല്ലാവരും കൺവെൻഷന്റെ അനുഗ്രഹീതമായ നടത്തിപ്പിനുവേണ്ടി പ്രാർത്ഥിക്കണം. എല്ലാവരുടെയും സഹായസഹകരണങ്ങൾ കൺവെൻഷന്റെ സുഗമമായ നടത്തിപ്പിന് അത്യാവശ്യവുമാണ്.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

Mphiloxenos †

**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**

2025 ഒക്ടോബർ മാസം 12-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും